പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3518 | 15.07.2015- ൽ മറുപടി നല്കേണ്ടിയിരുന്നത്

**ഭക്ഷണത്തിൽ മായം ചേർക്കുന്ന ഹോട്ടലുകൾക്കെതിരെ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എ. കെ. ശശീന്ദ്രൻ**<br>**" തോമസ് ചാണ്ടി** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | ഹോട്ടലുകളിൽ അരി എളുപ്പം വെന്തു കിട്ടുന്നതിനായി അപ്പക്കാരമോ, കുമ്മായമോ കിഴികെട്ടി ഇടുന്നതും മീൻ, ചിക്കൻ, ബീഫ് എന്നിവയുടെ ഫ്രൈ ഇനങ്ങളിൽ രുചിയും നിറവും കൂട്ടാൻ സൺലൈറ്റ്യെല്ലോ എന്ന രാസലായനിയും അജിനോ മോട്ടോ എന്ന ചൈനീസ് ഉപ്പും ചേർക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഹോട്ടലുകളിൽ അരി എളുപ്പം വെന്തുകിട്ടുന്നതിനായി അപ്പക്കാരമോ, കുമ്മായമോ കിഴികെട്ടി ഇടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മീൻ, ചിക്കൻ, ബീഫ് എന്നിവയുടെ ഫ്രൈ ഇനങ്ങളിൽ രുചിയും നിറവും കൂട്ടാൻ സൺലൈറ്റ് യെല്ലോ എന്ന രാസലായനിയും അജിനോമോട്ടോ എന്ന ചൈനീസ് ഉപ്പും ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഭക്ഷ്യസുരക്ഷ നിയമമനുസരിച്ച് ഈ വർഷം എടുത്തിട്ടുള്ള കേസ്സുകളിൽ ശിക്ഷിക്കപ്പെട്ടവ എത്ര; വെളിപ്പെടുത്താമോ ; | ബി) | ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് ഈ വർഷം അഡ്ജ്യൂഡിക്കേഷനും പ്രോസിക്യൂഷനും ഉൾപ്പെടെ 112 കേസ്സുകൾ എടുത്തിട്ടുണ്ട്. വിചാരണ നടപടികൾ നടന്നുവരുന്നു. ശിക്ഷവിധികൾ ലഭിച്ചിട്ടില്ല. |
| സി) | സൗന്ദര്യവർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ട എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നു ള്ളതുകൊണ്ട് ഇതുപയോഗിക്കുന്ന ഹോട്ടലുകളുടെ മേൽ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കുമോ? | സി) | സൗന്ദര്യ വർദ്ധക സാധനങ്ങളിൽ ചേർക്കുന്ന മേൽ സൂചിപ്പിച്ച ലായനി, അപ്പക്കാരം, അജിനോമോട്ടോ എന്നിവ ദഹനക്കേടിനും അലർജിക്കും ക്യാൻസറിനും ഇടയാക്കുമെന്നത് സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പരിശോധനകളിൽ അത്തരം ഉൽപന്നങ്ങൾ ഉപയോഗിക്കുന്നതായി കണ്ടെത്തുന്നപക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധചട്ടങ്ങളും അനുശാസിക്കും പ്രകാരമുള്ള ക്രിമിനൽ കുറ്റം ചുമത്തി കർശന നടപടി സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ